"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - **MGNREGA** സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരളയുടെ **(MGNSASK)** നിലവിലെ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനും സ്ഥാപനത്തിന്റെ നിലനിൽപ്പ് ഉറപ്പാക്കുന്നതിനും സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയ്ക്ക് **2** കോടി രൂപ താത്കാലിക അഡ്വാൻസ് ആയി അനുവദിക്കുന്നതിന് **MGNREGS** സ്റ്റേറ്റ് മിഷൻ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.**2511/2025/LSGD** തീയതി,തിരുവനന്തപുരം, **16-10-2025**

---

പരാമർശം:-

1. **MGNSASK** ഡയറക്ടറുടെ **24.09.2025** തീയതിയിലെ **03/MGNSASK/Fin/2025** നമ്പർ കത്ത്.
2. **MGNREGS** സ്റ്റേറ്റ് മിഷൻ ഡയറക്ടറുടെ **04.10.2025** തീയതിയിലെ **NREGA/1051/2025-B2** നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മഹാത്മാഗാന്ധി ദേശീയ തൊഴിൽ ഉറപ്പ് നിയമം പ്രകാരം പദ്ധതിയുടെ സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനായി രൂപീകരിച്ച **MGNREGA** സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള **(MGNSASK)** കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുകയാണെന്നും ദൈനംദിന പ്രവർത്തനങ്ങൾക്ക് ബുദ്ധിമുട്ടുകയാണെന്നും കേന്ദ്ര സർക്കാർ അനുവദിക്കാനുള്ള ഫണ്ട് ലഭ്യമാകാത്തതാണ് പ്രതിസന്ധിയ്ക്ക് കാരണമെന്നും ആയതിനാൽ സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനും തുടർന്നുള്ള നിലനിൽപ്പ് ഉറപ്പാക്കുന്നതിനും സോഷ്യൽ ഓഡിറ്റ് യൂണിറ്റിന് **4** കോടി രൂപ അനുവദിക്കണമെന്നും സോഷ്യൽ ഓഡിറ്റ് യൂണിറ്റ് ഡയറക്ടർ പരാമർശം **(1)** പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

**2.**സോഷ്യൽ ഓഡിറ്റ് യൂണിറ്റ് പ്രവർത്തനങ്ങൾ തടസ്സപ്പെടുന്ന സാഹചര്യം നിലവിലുണ്ടെന്ന് സോഷ്യൽ ഓഡിറ്റ് യൂണിറ്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ സർക്കാർ അനുമതി നൽകിയാൽ, സംസ്ഥാന മിഷന്റെ സാമ്പത്തിക ഭദ്രതയെ ബാധിക്കാത്ത വിധത്തിൽ, ഓംബുഡ്സ്മാൻ അവാർഡ്, സോഷ്യൽ ഓഡിറ്റ് ശുപാർശ എന്നിവയുടെ അടിസ്ഥാനത്തിൽ റിക്കവർ ചെയ്ത തുക സൂക്ഷിക്കുന്ന **Old Nodal e-FMS account**-ൽ ലഭ്യമായിട്ടുള്ള തുകയിൽ നിന്നും **2** കോടി രൂപ താത്കാലിക അഡ്വാൻസ് ആയി സോഷ്യൽ ഓഡിറ്റ് യൂണിറ്റിന്

അനുവദിച്ച് നൽകാവുന്നതാണെന്നും ടി തുക കേന്ദ്ര സർക്കാർ ആവശ്യപ്പെടുന്ന മുറയ്ക്ക് തിരികെ നൽകേണ്ടതിനാൽ സോഷ്യൽ ഓഡിറ്റ് യൂണിറ്റിന് അഡ്മിൻ ഫണ്ടിൽ തുക ലഭ്യമായാൽ ഉടൻ തിരികെ നിക്ഷേപിക്കണമെന്ന നിർദ്ദേശം കൂടി നൽകണമെന്നും സർക്കാരിൽ നിന്നും അനുമതി ലഭ്യമാകുന്ന മുറയ്ക്ക് സോഷ്യൽ ഓഡിറ്റ് യൂണിറ്റിന് 2 കോടി രൂപ 'One Time Fund Transfer' ആയി അനുവദിക്കുന്നതാണ് എന്നും പരാമർശം (2) പ്രകാരം MGNREGS സ്റ്റേറ്റ് മിഷൻ ഡയറക്ടർ അറിയിക്കുകയുണ്ടായി.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സോഷ്യൽ ഓഡിറ്റ് യൂണിറ്റിന്റെ പ്രവർത്തനങ്ങൾ തടസ്സപ്പെടുന്ന സാഹചര്യം ഒഴിവാക്കേണ്ടത് അനിവാര്യമാണെന്ന് സർക്കാർ മനസ്സിലാക്കുന്നു. ആയതിനാൽ, മേൽ പരാമർശിച്ച Old Nodal e-FMS account-ൽ ലഭ്യമായിട്ടുള്ള തുകയിൽ നിന്നും രണ്ട് കോടി രൂപ MGNREGA സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരളയ്ക്ക്, അഡ്മിൻ ഫണ്ടിൽ തുക ലഭ്യമായാൽ ഉടൻ തിരികെ നിക്ഷേപിക്കണമെന്ന കർശന വ്യവസ്ഥയോടെ, താത്കാലിക അഡ്വാൻസ് ആയി അനുവദിക്കുന്നതിന് MGNREGS സ്റ്റേറ്റ് മിഷൻ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാമനാഥ് ജി
ഡെപ്യൂട്ടി സെക്രട്ടറി

പകർപ്പ്: ഡയറക്ടർ , സോഷ്യൽ ഓഡിറ്റ് യൂണിറ്റ് കേരള, തിരുവനന്തപുരം
മിഷൻ ഡയറക്ടർ, MGNREGS സ്റ്റേറ്റ് മിഷൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, ഐ&പിആർഡി
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Nisam N
Date: 16-10-2025 15:11:12
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി